(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന നിർമ്മാണ ഘടകങ്ങളായ 2 ലൈൻ ക്രോസ് ആം, 4 ലൈൻ ക്രോസ് ആം, സ്റ്റേ റോഡ്, വി-ക്രോസ് ആം, ചാനൽ ക്രോസ് ആം മുതലായവ ഇപ്പോൾ ബോർഡിന്റെ പള്ളത്തുള്ള സിവിൽ മെയിന്റനൻസ് ഡിവിഷനിൽ നിന്നും ഫാബ്രിക്കേറ്റ് ചെയ്ത് ഉപയോഗിക്കുന്നുണ്ട്.

കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ഉപയോഗത്തിന് വ്യാവസായിക നിരക്ക് ഈടാക്കുന്നതിനെതിരെ നടപടി

12 [3356] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം ഗ്രാമങ്ങളിൽ ആരംഭിച്ച കുടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി ഉപയോഗത്തിന് വ്യാവസായിക ആവശ്യത്തിനുള്ള നിരക്ക് ഈടാക്കുന്നതുകൊണ്ട് പല കുടിവെള്ള പദ്ധതികളുടേയും വൈദ്യുതി ചാർജ്ജ് കൃത്യമായി അടയ്ക്കാൻ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണഭോക്തൃ കമ്പനികൾ നേരിട്ട് നടത്തുന്ന ഇത്തരം പദ്ധതികൾക്ക് ഗാർഹിക ആവശ്യത്തിനുള്ള വൈദ്യുതി നിരക്കാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലധാര, ജലനിധി, സ്വജലധാര തുടങ്ങിയ പദ്ധതികൾക്കും ജലവിതരണ സൊസൈറ്റികളുടെ കീഴിൽ വരുന്ന സമാന പദ്ധതികൾക്കും എൽറ്റി 1 (എ) പ്രകാരമുള്ള ഗാർഹിക താരിഫ് അനുവദിക്കണമെന്ന സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ നിർദ്ദേശം വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരു മാസത്തെ ആകെ ഉപഭോഗത്തെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഭാഗിച്ചാണ് ഓരോ ഗുണഭോക്താക്കളിൽ നിന്നും വസൂലാക്കേണ്ട നിരക്ക് തീരുമാനിക്കുന്നത്. ഈ തുകയെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിച്ച് ആ മാസത്തെ വൈദ്യുതി ബിൽ കണക്കാക്കും.

LIBRARY ARCHIVES Kerala Legislative Assembly